# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 329** — **28/10/2019-ൽ മറുപടിക്ക്**

## ആയുർവേദ ഡ്രഗ് ഇൻസ്പെക്ടർ നിയമനം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും ആയുർവേദ ഡ്രഗ് ഇൻസ്പെക്ടർ തസ്തികയിൽ നാഷണൽ ആയുഷ് മിഷന്റെ ധനസഹായം ഉപയോഗിച്ച് നിയമനം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;<br>**ബി)** എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br>**സി)** 19.12.2019 ന് കാലാവധി അവസാനിക്കുന്ന ഈ പട്ടികയിൽനിന്നും നാഷണൽ ആയുഷ് മിഷന്റെ സാമ്പത്തിക സഹായത്തോടെ പരമാവധി നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | **എ) യും ബി) യും സി) യും**<br>ഉണ്ട്.<br>ഈ വിഷയത്തിൽ 2018-2019 വർഷത്തിൽ 11 ഡ്രഗ് ഇൻസ്പെക്ടർമാരുടെയും 4 ക്ലാർക്കുമാരുടെയും പോസ്റ്റ് അനുവദിക്കുന്നതിന് നാഷണൽ ആയുഷ് മിഷന് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ആയുഷ് മിഷന്റെ 2018-2019-ലെ സപ്ലിമെന്ററി അലോട്ട്മെന്റിൽ 11 ഡ്രഗ് ഇൻസ്പെക്ടർമാരുടെ 4 മാസത്തെ ശമ്പളം എന്ന രീതിയിൽ തുക അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത 11 ഡ്രഗ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന് ആവശ്യമായ തസ്തികകൾ വകുപ്പിൽ നിലവിലില്ല. ഡ്രഗ് ഇൻസ്പെക്ടർ തസ്തിക പുതുതായി അനുവദിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**